**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 285** **27-01-2026 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.** | | **ശ്രീ ജി ആർ അനിൽ**<br>**(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോങ്ങാട് മണ്ഡലത്തിൽ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം നൽകാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോങ്ങാട് നിയോജക മണ്ഡലത്തിൽ മണ്ണാർക്കാട് താലൂക്കിലെ തച്ചമ്പാറ, കരിമ്പ, കാരാക്കുറിശ്ശി പഞ്ചായത്തുകളിലെ 08 റേഷൻകടകളെയും, പാലക്കാട് താലൂക്കിലെ കോങ്ങാട്, പറളി പഞ്ചായത്തുകളിലെ 03 റേഷൻ കടകളെയും കെ-സ്റ്റോറുകൾ ആക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>സന്നദ്ധ ഓട്ടോ തൊഴിലാളികളുടെ സഹകരണത്തോടെ കിടപ്പ് രോഗികളായ റേഷൻ ഗുണഭോക്താക്കൾക്ക് വീട്ടിൽ റേഷൻ വിഹിതം എത്തിച്ചു നൽകുന്ന ഒപ്പം പദ്ധതി പാലക്കാട് താലൂക്കിൽ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം എഫ്.പി.എസ് 71 -ൽ ഒരു ഗുണഭോക്താവുണ്ട്. കോങ്ങാട് നിയോജക മണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ള കെ-സ്റ്റോർ, ഒപ്പം എന്നീ പദ്ധതികൾക്കായി സർക്കാർ പ്രത്യേകം തുക അനുവദിക്കുന്നില്ല. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും നടപ്പിലാക്കിയ പദ്ധതികളും അനുവദിച്ച തുകയും വിശദമാക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോങ്ങാട് നിയോജക മണ്ഡലത്തിൽ മണ്ണാർക്കാട് താലൂക്കിലെ തച്ചമ്പാറ, കരിമ്പ, കാരാക്കുറിശ്ശി പഞ്ചായത്തുകളിലെ 08 റേഷൻകടകളെയും, പാലക്കാട് താലൂക്കിലെ കോങ്ങാട്, പറളി പഞ്ചായത്തുകളിലെ 03 റേഷൻ കടകളെയും കെ-സ്റ്റോറുകൾ ആക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>സന്നദ്ധ ഓട്ടോ തൊഴിലാളികളുടെ സഹകരണത്തോടെ കിടപ്പ് രോഗികളായ റേഷൻ ഗുണഭോക്താക്കൾക്ക് വീട്ടിൽ റേഷൻ വിഹിതം എത്തിച്ചു നൽകുന്ന ഒപ്പം പദ്ധതി പാലക്കാട് താലൂക്കിൽ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം എഫ്.പി.എസ് 71 -ൽ ഒരു ഗുണഭോക്താവുണ്ട്. കോങ്ങാട് നിയോജക മണ്ഡലത്തിൽ |

| | | | |
|---|---|---|---|
| | | | നടപ്പാക്കിയിട്ടുള്ള കെ-സ്റ്റോർ, ഒപ്പം എന്നീ പദ്ധതികൾക്കായി സർക്കാർ പ്രത്യേകം തുക അനുവദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ